**കേരള സർക്കാർ**
**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**
**വെബ്സൈറ്റ്: www.prd.kerala.gov.in**

---

**പത്രക്കുറിപ്പ് 'ഭരണഭാഷ-മാതൃഭാഷ' 2019 ഏപ്രിൽ 16 ചൊവ്വ**

---

ലോക്സഭ തിരഞ്ഞെടുപ്പ്: അവസാനവട്ട പ്രചരണത്തിൽ
പാലിക്കേണ്ട നിയമം വ്യക്തമാക്കി വരണാധികാരി

ആലപ്പുഴ :ലോക്സഭ തിരഞ്ഞെടുപ്പിന്റെ അവസാന ഘട്ട ഒരുക്കങ്ങൾ വിലയിരുത്താനും അവസാന ഘട്ട പ്രചരണത്തിൽ പാലിക്കേണ്ട നിയമങ്ങൾ വിശദമാക്കിയും ജില്ല തിരഞ്ഞെടുപ്പ് ഓഫീസറായ ജില്ല കളക്ടർ എസ്.സുഹാസ്. ഇതിനായി സ്ഥാനാർത്ഥികളുടെയും അവരുടെ പ്രതിനിധികളുടെയും യോഗം വിളിച്ചു ചേർത്തു. വോട്ടിംഗ് യന്ത്രങ്ങളുടെയും വിവി പാറ്റിന്റെയും കമ്മീഷനിങ് സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞതായി അദ്ദേഹം വ്യക്തമാക്കി. അധികമായി വേണ്ട വോട്ടിംഗ് യന്ത്രങ്ങൾ ,വിവി പാറ്റ് എന്നിവ 18 ന് എത്തും .വിവി പാറ്റ് സംവിധാനത്തിന്റെ സുഗമമായ പ്രവർത്തനം ഉറപ്പാക്കാൻ പോളിങ് സ്റ്റേഷനുകളിൽ കൂടുതൽ ലൈറ്റിംഗ് സംവിധാനങ്ങൾ ലഭ്യമാക്കും .

തിരഞ്ഞെടുപ്പ് ചെലവ് പരിശോധനയുടെ രണ്ടാംഘട്ടമായ ഇന്ന് (ഏപ്രിൽ 17) സ്ഥാനാർഥികൾ അവരുടെ ചെലവ് ` വിവരം ബന്ധപ്പെട്ട നോഡൽ ഓഫീസർ ,ഫിനാൻസ് ഓഫീസർ എന്നിവർക്ക് മുമ്പാകെ ഹാജരായി സമർപ്പിക്കണം.

പ്രചരണത്തിൽ ഹരിത ചട്ടം പാലിക്കുന്നുണ്ടെന്ന് സ്ഥാനാർത്ഥികൾ ഉറപ്പാക്കണം .പോളിങ് സ്റ്റേഷനു സമീപം തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള ചട്ടങ്ങൾ പാലിക്കാൻ രാഷ്ട്രീയ പാർട്ടികൾ തയ്യാറാവണമെന്നും കളക്ടർ നിർദ്ദേശിച്ചു .ആലപ്പുഴ ,മാവേലിക്കര പാർലിമെന്റ് മണ്ഡലത്തിലെ തിരഞ്ഞെടുപ്പ് നിരീക്ഷകരുടെ സാന്നിധ്യത്തിലായിരുന്നു യോഗം.

വെബ് കാസ്റ്റിങ്: റോഡുകൾ കുഴിക്കുന്നത്
നിരോധിച്ച് ജില്ല കളക്ടറുടെ ഉത്തരവ്

ആലപ്പുഴ: തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മെയ് 23 വരെ ജില്ലയിൽ റോഡുകൾ കുഴിക്കുന്നത് നിരോധിച്ച് ജില്ല തിരഞ്ഞെടുപ്പ് ഓഫീസറായ ജില്ല കളക്ടർ ഉത്തവരായി. ലോക്സഭ തിരഞ്ഞെടുപ്പിൽ ജില്ലയിലെ 50 പോളിങ് സ്റ്റേഷനുകളിൽ വെബ് കാസ്റ്റിങ് ഏർപ്പെടുത്തുന്നുണ്ട്. ഇതിന് ബി.എസ്.എൻ.എൽ ബ്രോഡ്ബാൻഡ് കണക്റ്റിവിറ്റി ജില്ലയിൽ ഉറപ്പുവരുത്തുന്നതിനാണ് ഈ നിരോധം. റോഡുകൾ കുഴിക്കുന്നത് സാങ്കേതിക പ്രശ്നമുണ്ടാക്കുമെന്ന റിപ്പോർട്ടിന്റെ അടിസ്ഥആനത്തിലാണിത്.

എല്ലാ ഏജൻസികളും റോഡുകൾ കുഴിക്കുന്ന പ്രവൃത്തി നിർത്തിയെന്ന് ഉറപ്പാക്കണമെന്നും വീഴ്ച വരുത്തുന്നവർക്കെതിരെ ജനപ്രാതിനിധ്യ നിയമ കർശന നടപടി സ്വീകരിക്കുമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി.

നൂറിൽ നൂറ് ആലപ്പുഴ: ബോട്ടു യാത്രയിലും
ബോധവൽക്കരണവുമായി സ്വീപ് സംഘം

ആലപ്പുഴ: നൂറിൽ നൂറ് ആലപ്പുഴ എന്ന ലക്ഷ്യത്തോടെ ആലപ്പുഴ സ്വീപ് സംഘം നടത്തുന്ന ബോധവൽക്കരണ പരിപാടി ഇന്നലെ വിവിധ നിയോജകമണ്ഡലങ്ങളിൽ ജനശ്രദ്ധയാകർഷിച്ചു. കൈനകരിയിൽ ബോട്ടു യാത്രക്കാർക്കായി നടത്തിയ ഹരിത തിരഞ്ഞെടുപ്പ് പ്രചരണവും വോട്ടിങ് യന്ത്ര, വി.വി.പാറ്റ് പരിചയപ്പെടുത്തലും വേറിട്ട പ്രവർത്തനമായി.

കായങ്കുളം നിയമസഭ മണ്ഡലത്തിൽ എബനേസർ ആശുപത്രി, കായങ്കുളം നഗരം എന്നിവടങ്ങളിൽ വോട്ടുവണ്ടിയെത്തി. ചെങ്ങന്നൂരിൽ നഗരസഭയ്ക്കു മുമ്പിൽ സ്ഥാപിച്ച ഹരിത പോളിങ് ബൂത്തിലായിരുന്നു ബോധവൽക്കരണം. പുലിയൂർ പഞ്ചായത്തിലെ കോളനികൾ പ്രധാന കവലകൾ ചെങ്ങന്നൂർ നഗരസഭയിലെ പ്രധാന കേന്ദ്രങ്ങൾ എന്നിവടങ്ങളിലും വോട്ടുവണ്ടി ബോധവൽക്കരണവുമായെത്തി.

**ചിത്രവിവരണം:** കൈനകരിയിലെ ബോട്ട് യാത്രക്കാർക്കായി നടത്തിയ ഹരിത ഇലക്ഷൻ ബോധവത്കരണവും  വി.വി.പാറ്റ് പരിചയപ്പെടുത്തലും